**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2951** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായി ഡീസൽ, പെട്രോൾ, മണ്ണെണ്ണ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കായി ഡീസൽ, പെട്രോൾ, മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (എ) | നിലവിൽ സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി മണ്ണെണ്ണ സബ്സിഡി മാത്രമാണ് നൽകി വരുന്നത്. ഡീസൽ എഞ്ചിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെക്കനൈസ്ഡ് യാനങ്ങൾക്ക് കേന്ദ്ര സർക്കാരിൻറെ സഹായത്തോടെ ഡീസൽ സബ്സിഡി അനുവദിച്ചു വന്നിരുന്നുവെങ്കിലും തുടർന്ന് സബ്സിഡി ബി.പി.എൽ വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്ര സർക്കാർ ചുരുക്കിയതിനാൽ നിലവിൽ ഡീസൽ സബ്സിഡി ലഭിക്കുന്നില്ല. മത്സ്യബന്ധന യാനങ്ങൾക്ക് Non PDS മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന അളവ് പ്രകാരം മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി) നൽകി വരുന്നുണ്ട്. 10 എച്ച് പി വരെ - 140 ലിറ്റർ 10 ന് മുകളിൽ 15 എച്ച് പി വരെ - 150 ലിറ്റർ 15 എച്ച് പി ക്ക് മുകളിൽ - 190 ലിറ്റർ 2021-22 നോൺ പ്ലാൻ ബഡ്ജറ്റിൽ 56.25 കോടി രൂപ മണ്ണെണ്ണ സബ്സിഡിക്കായി വകയിരുത്തിയിട്ടുണ്ട്. ജൂലൈ മാസം വരെ സബ്സിഡി നൽകുന്നതിനായി 6.28 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ